## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

കേരള റ്റൗൺ &കൺട്രി പ്ലാനിംഗ് ഓർഡിനൻസ്

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :1605** 05.12.14- ൽ മറുപടി നൽ കേണ്ടത്.

| | ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി,<br>ബഹു.നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി |
|---|---|---|---|
| (എ) | കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസ് തയ്യാറാക്കിയതിന്റെ പശ്ചാത്തലം വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് നഗര ഗ്രാമാസൂത്രണകാര്യത്തെ സംബന്ധിച്ച് ഒരു ഏകീകൃത നിയമം നിലവിൽ ഉണ്ടായിരുന്നില്ല. നഗര ഗ്രാമാസൂത്രണവുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്നത് പഴയ തിരുവിതാംകൂർ-കൊച്ചി പ്രദേശത്തിനും മലബാർ പ്രദേശത്തിനും യഥാക്രമം ബാധകമായിരുന്ന1108,(ME) -ലെ ടൗൺ പ്ലാനിംഗ് ആക്ട്-1120 (ME) ലെ ട്രാവൻകൂർ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട്, 1920-ലെ, മദ്രാസ് ടൗൺ പ്ലാനിംഗ് ആക്ട് , എന്നീ ആക്ടുകളാണ്. ഈ ആക്ടുകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ മാസ്റ്റർ പ്ലാനുകളും, വിശദനഗരാസൂത്രണ പദ്ധതികളും നിലനിന്നു പോരുന്നത്. 74-) ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം, നിലവിൽ വന്നപ്പോൾ ജില്ലാ ആസൂത്രണ സമിതിക്കും.മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിക്കും വ്യവസ്ഥകൾ ഉൾ പ്പെടുത്തിയിരുന്നെങ്കിലും സ്ഥലാസൂത്രണ പ്രവർത്തനത്തെ സംബന്ധിച്ച് പ്രത്യേകമായ വ്യവസ്ഥകൾ പ്രസ്താവിച്ചിരുന്നില്ല.സിവിൽ റിട്ട് പെറ്റീഷൻ നമ്പർ 24526/2009- I,22857/10F എന്നീ കേസുകളിൽ ബഹു.കേരള |

| | | | |
|---|---|---|---|
| | | | ഹൈക്കോടതി 9.1.2001 ൽ പുറപ്പെടുവിച്ച ഒരു വിധിന്യായത്തിൽ 1108ലെ ടൗൺ പ്ലാനിംഗ് ആക്റ്റിലെയും, 1920-ലെ മദ്രാസ് ടൗൺ പ്ലാനിംഗ് ആക്റ്റിലെയും വ്യവസ്ഥകൾ ഭരണഘടനാ വിരുദ്ധമാണെന്നും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ വ്യവസ്ഥകളുമായി പൊരുത്തമില്ലാത്തതാണെന്നും പ്രസ്താവിച്ചിരുന്നു. ഈ വിധിന്യായത്തിനെതിരെ സമർപ്പിച്ച റിട്ട് അപ്പീൽ പരിഗണിക്കവെ, കേരള സർക്കാർ കൊണ്ടുവരുന്നതിന്ഉദ്ദേശിക്കുന്ന കേരള നഗര ഗ്രാമാസൂത്രണ നിയമം സമയബന്ധിതമായി കൊണ്ടുവരണമെന്ന് ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. ആയതു പ്രകാരം ഭരണവകുപ്പ് ഇത് സംബന്ധിച്ച് നയപരമായ തീരുമാനമെടുക്കുകയും പ്രസ്തുത നിയമനിർമ്മാണം നടത്തുവാൻ നിർ ദ്ദേശിച്ചിരുന്നതിന്റെയും അടിസ്ഥാനത്തിലാണ് കേരള ററൗൺ ആൻറ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് തയ്യാറാക്കിയത്. |
| (ബി) | ഇപ്പോൾ ഏതെല്ലാം നഗരങ്ങൾക്കാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ പുരോഗതി വിശദീകരിക്കുമോ? | (ബി) | നഗരസഭകളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പദ്ധതിയുടെ ആദ്യഘട്ടത്തിൽ 32 മാസ്റ്റർ പ്ലാനുകളാണ് ഉൾപ്പെടുത്തിയിരുന്നത് ഈ മാസ്റ്റർ പ്ലാനുകളുടെ സ്റ്റേജ് അനുബന്ധമായി ചേർക്കുന്നു. |

Rajeev

സെക്ഷൻ ഓഫീസർ

അനുബന്ധം

## ഒന്നാം ഘട്ടത്തിലെ നഗരസഭകളുടെ മാസ്റ്റർ പ്ലാനുകൾ :

| | മാസ്റ്റർ പ്ലാനിന്റെ സ്റ്റേജ് | നഗരസഭയുടെ പേര് | | |
|---|---|---|---|---|
| | സർക്കാർ സാങ്ഷൻ ലഭിച്ച പ്ലാനുകൾ | 1 | 1. | പരവൂർ (കൊല്ലം ജില്ല) |
| | | 2 | 2. | ചങ്ങനാശ്ശേരി |
| | | 3 | 3. | വൈക്കം |
| | | 4 | 4. | തലശ്ശേരി |
| | | 5 | 5. | മലപ്പുറം |
| II | ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാൻ വേണ്ടി കരടു പ്ലാൻ പ്രസിദ്ധീകരിച്ച നഗരസഭകൾ | 6 | 1. | കൊല്ലം |
| | | 7 | 2. | അടൂർ |
| | | 8 | 3. | കണ്ണൂർ |
| | | 9 | 4. | തിരുവനന്തപുരം |
| | | 10 | 5. | നോർത്ത് പരവൂർ |
| | | 11 | 6. | തൃശ്ശൂർ |
| | | 12 | 7. | ഗുരുവായൂർ |
| | | 13 | 8. | കാസർഗോഡ് |
| | | 14 | 9. | മൂവാറ്റുപുഴ* |
| | | 15 | 10. | കൽപ്പറ്റ* |
| | | 16 | 11. | പാലാ |
| | | 17 | 12. | പത്തനംതിട്ട |
| III | കരട് പ്ലാനുകൾ പൂർത്തീകരിച്ച് അംഗീകാരത്തിനായി മുനിസിപ്പാലിറ്റികൾക്ക് സമർപ്പിച്ചവ | | | |
| | ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാൻ വേണ്ടി കരടു പ്ലാൻ പ്രസിദ്ധീകരിക്കാൻ സർക്കാരിൽ നിന്നും അനുമതി ലഭിച്ചവ | 18 | 1. | കോതമംഗലം* |
| | | 19 | 2. | പാലക്കാട്* |
| | പ്രസിദ്ധീകരണാനുമതിക്കായി സർക്കാരിൽ സമർപ്പിച്ചത് | 20 | 3. | വടകര |
| | വകുപ്പുതലത്തിൽ കരടുപ്ലാൻ തയ്യാറാക്കി JTPC / മുനിസിപ്പാലിറ്റികളുടെ അംഗീകാരത്തിനായി സമർപ്പിച്ചവ | 21 | 4. | കൊച്ചി (കൊച്ചി കോർപ്പറേഷൻ + തൃപ്പൂണിത്തുറ, കളമശ്ശേരി, മരട്, തൃക്കാക്കര, ഏലൂർ നഗരസഭകളും ഗ്രാമപഞ്ചായത്തുകളും) |
| | | 22 | 5. | പെരുമ്പാവൂർ |
| | | 23 | 6. | തിരുവല്ല |
| | | 24 | 7. | കായംകുളം |
| | | 25 | 8. | കോഴിക്കോട് |
| | | 26 | 9. | കോട്ടയം |
| | | 27 | 10. | അങ്കമാലി |
| IV | കരട്പ്ലാനുകൾ വകുപ്പുതലത്തിൽ പൂർത്തിയാക്കിയവ/നഗരസഭകളുടെ ചർച്ചയുടെ അടിസ്ഥാനത്തിൽ അന്തിമമാക്കിക്കൊണ്ടിരിക്കുന്നവ | 28 | 1 | തൊടുപുഴ |
| | | 29 | 2. | ആലപ്പുഴ |
| | | 30 | 3. | നെയ്യാറ്റിൻകര |
| | | 31 | 4. | ആലുവ |

കൂടാതെ ഇടുക്കിയുടെ മാസ്റ്റർ പ്ലാൻ റിവിഷനും (മരിയാപുരം, വാഴത്തോപ്പ് പഞ്ചായത്തുകൾക്ക് പ്രത്യേകം പ്ലാൻ) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് അനുസരിച്ചുള്ള പുനഃപരിശോധന നടപടികൾ സ്വീകരിക്കേണ്ടതുണ്ട്)

രണ്ടാം ഘട്ടത്തിൽ 29 നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവയിൽ 6 പട്ടണങ്ങളുടെ കരട് മാസ്റ്റർ പ്ലാനുകൾ ഇതിനകം തയ്യാറാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടവുമായി ബന്ധപ്പെട്ട പ്രവർത്തന വിവരം താഴെ ചേർത്തിരിക്കുന്നു.

| മാസ്റ്റർ പ്ലാനിന്റെ സ്റ്റേജ് | | നഗരസഭയുടെ പേര് | |
|---|---|---|---|
| I. | കരട് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയവ (നഗരസഭയുമായി ചർച്ച ചെയ്ത് അന്തിമമാക്കിക്കൊണ്ടിരിക്കുന്നു) | 1. | പെരിന്തൽമണ്ണ |
| | | 2. | കുന്നംകുളം |
| | | 3. | കൊയിലാണ്ടി |
| | | 4. | കരുനാഗപ്പള്ളി |
| | | 5. | കൊടുങ്ങല്ലൂർ |
| | | 6. | ഷൊർണ്ണൂർ |
| II | തയ്യാറാക്കിക്കൊണ്ടിരിക്കുന്ന പ്ലാനുകൾ | | |
| | 1. കൺസപ്റ്റ് പ്ലാൻ തയ്യാറാക്കിയവ | 7. | നെടുമങ്ങാട് |
| | | 8. | ചേർത്തല |
| | | 9. | ഇരിങ്ങാലക്കുട |
| | | 10. | ഒറ്റപ്പാലം |
| | | 11. | തളിപ്പറമ്പ |
| | | 12. | തിരൂർ |
| | | 13. | കാഞ്ഞങ്ങാട് |
| | | 14. | പൊന്നാനി |
| | | 15. | മട്ടന്നൂർ |
| | | 16. | പുനലൂർ |
| | 2. പഠനവിശകലനങ്ങൾ പൂർത്തീകരിച്ചവ | 17. | ചാലക്കുടി |
| | | 18. | ചിറ്റൂർ തത്തമംഗലം |
| | 3. വിവര ശേഖരണം പൂർത്തിയാക്കി, വിവര വിശകലനം പുരോഗമിക്കുന്നു | 19 | ചെങ്ങന്നൂർ |
| | | 20 | ചാവക്കാട് |
| | | 21 | പയ്യന്നൂർ |
| | | 22 | കൂത്തുപറമ്പ |
| | | 23 | നിലമ്പൂർ |
| | | 24 | കോട്ടയ്ക്കൽ |
| | | 25 | നീലേശ്വരം |
| | 4. വിവരശേഖരണ ഘട്ടങ്ങളിലുള്ളവ | 26 | ആറ്റിങ്ങൽ |
| | | 27 | വർക്കല |
| | | 28 | മാവേലിക്കര |
| | | 29 | മഞ്ചേരി |